**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**2016 ഫെബ്രുവരി 8, തിങ്കൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.155**

**സ്പാർക്കുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്**

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ (എം.എൽ.എ) | മറുപടി<br>ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി |
|---|---|
| (എ) സ്പാർക്കുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ? | ഇല്ല. എന്നാൽ പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിചയക്കുറവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഇതു പരിഹരിക്കാനായി സ്പാർക്ക് സംബന്ധിച്ച പരിശീലന പരിപാടികൾ, ആവശ്യപ്പെടുന്നതനുസരിച്ച്, ധനകാര്യ വകുപ്പിന്റെ പരിശീലന കേന്ദ്രം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്തെ സ്പാർക്ക് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ഇതു സംബന്ധമായ ഒരു ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിക്കുന്നുണ്ട്. നേരിട്ടോ, ഫോൺ മുഖാന്തിരമോ ഇ-മെയിൽ വഴിയോ, ചാറ്റ് വഴിയോ സംശയ നിവാരണം നടത്തുവാനുള്ള സംവിധാനം നിലവിൽ ഉണ്ട്. കണ്ണൂർ കളക്ടറേറ്റിലും ഒരു ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിക്കുന്നുണ്ട്. പുതുതായി, മേഖലാടിസ്ഥാനത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ട്രഷറികളിൽ ഓരോ ഹെൽപ്പ് ഡെസ്ക്കുകൾ തുടങ്ങാനും ക്രമേണ എല്ലാ ട്രഷറികളിലും ഹെൽപ്പ് ഡെസ്ക്കുകൾ തുടങ്ങാനും തീരുമാനമായിട്ടുണ്ട്. നിലവിൽ 2016 ജനുവരി 29 മുതൽ ഫെബ്രുവരി 10 വരെ ജില്ലാതലങ്ങളിൽ ദ്വിദിന പരിശീലന പരിപാടി ക്രമീകരിച്ചിട്ടുണ്ട്. ഇതിനൊക്കെപ്പുറമേ സ്പാർക്ക് ഉപയോഗം സംബന്ധിച്ച യൂസർ മാനുവൽ, ട്യൂട്ടോറിയൽ എന്നിവ സ്പാർക്കിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ